ശ്രീ. എം. കെ. കേശവൻ : 1982-ൽ അവസാനിക്കേണ്ട പദ്ധതി ഇതു വരെ അനുവാദം കിട്ടാതെയും പണി തുടങ്ങാതെയുമിരിക്കുന്നതിന്റെ ഫല മായി കുട്ടനാട്ടിലെ കെ. എൽ. ഡി. സി. യിലെ അനുഭവം തൃശൂർ കോൾ നിലങ്ങളിൽ ഉണ്ടാകുമെന്നുള്ളതുകൊണ്ട് അടിയന്തിരമായി ഇതിനു അംഗീ കാരം വാങ്ങി ഈ പരിപാടി നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അംഗീകാരം വാങ്ങുന്നതിനുള്ള എല്ലാ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : കോൾ വികസന പദ്ധതിയുടെ ഭാഗമായി മുകുന്ദപുരം താലൂക്കിലെ ചെമ്മണ്ടൽ കായൽ പ്രദേശത്ത് ബണ്ട് നിർമ്മാ ണത്തിന് സ്ഥലമെടുത്തു. ആ സ്ഥലത്തിന് പണം കൊടുക്കാത്തതു കൊണ്ട് വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഉടനടി ആ പണം കൊടുക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

നബാർഡിന്റെ വായ്പാ പദ്ധതി

* 215. [237] ശ്രീ. കെ. മുഹമ്മദാലി :
,, കെ. കെ. തോമസ് :
,, ജോസ് കുറ്റ്യാനി :
,, രാഘവൻ പൊഴക്കടവിൽ :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ വായ്പാ പദ്ധതി ഏതെല്ലാം കാർഷിക വിളകൾ ക്കാണ് നൽകി വരുന്നത് ;

(ബി) ഹെക്ടറിന് എത്ര രൂപവരെയാണ് വായ്പാ സഹായം നൽകുന്നത് ;

(സി) നബാർഡിന്റെ വായ്പാ പദ്ധതികൾ നടത്തുന്ന ഏജൻസികൾ ഏതെല്ലാമാണ് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, കുരുമുളക് തുടങ്ങിയ എല്ലാ കാർഷിക വിളകൾക്കും ആവശ്യമായ വായ്പയ്ക്കുള്ള പുനർധന സഹായം നബാർഡ് നല്കിവരുന്നു.

(ബി) ഓരോതരം വിളയും കൃഷി ചെയ്യുന്നതിനാവശ്യമായ ഘടകങ്ങളുടെ വിലയുടെയും കൃഷിചെലവുകളുടെയും കൃഷിചെയ്യുന്ന രീതിയുടെയും അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കും നിശ്ചയിക്കുന്ന തോതിലാണ് ഹ്രസ്വകാല കാർഷിക വായ്പ നല്കുന്നത്. ഈ തോത് ഓരോ വിളയ്ക്കും ഓരോ ജില്ലയ്ക്കും പ്രത്യേകമായിരിക്കും.

(സി) സഹകരണ ബാങ്കുകളും, കൊമേഴ്സ്യൽ ബാങ്കുകളും.

ശ്രീ. കെ. മുഹമ്മദാലി : സർ, നബാർഡിന്റെ വായ്പാ പദ്ധതികളു മായി ബന്ധപ്പെട്ട് അവർ സ്വീകരിച്ചുവരുന്ന ദേശീയനയം നമ്മുടെ സംസ്ഥാനത്ത് നബാർഡിന്റെ വായ്പ കൂടുതലായി ഉപയോഗപ്പെടുത്താൻ അനുയോജ്യമല്ലെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നബാർഡുമായി ചർച്ചചെയ്ത് പരിഹാരം ഉണ്ടാക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇതിന് പല ചർച്ചകളും നടന്നു വരികയാണ്.

ശ്രീ. കെ. കെ. തോമസ് : കേരള കാർഷിക ഭൂവികസന ബാങ്ക് ഏതെല്ലാം കാർഷിക നാണ്യവിളകൾക്കാണ് നബാർഡിന്റെ വായ്പാ സഹായം നൽകുന്നത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നെല്ല്, ഇഞ്ചി, ചേന, പച്ചക്കറി, കപ്പ, വാഴ, നേന്ത്രവാഴ, ഏലം, കാപ്പി തുടങ്ങിയ ഹ്രസ്വകാല വിളകൾക്ക് എസ്. ടി. വായ്പയും കവുങ്ങ്, കുരുമുളക്, തെങ്ങ്, കശുവണ്ടി, കൊക്കോ തുടങ്ങിയ വിളകൾക്ക് ഇപ്പോഴത്തെ പദ്ധതി അടിസ്ഥാനത്തിലും നബാർഡിന്റെ പുനർധന സഹായമനുസരിച്ച് സഹായം ലഭിച്ചുവരുന്നു.

ശ്രീ. കെ. കെ. തോമസ് : ഏലം ബോർഡ് ഏലക്കൃഷിക്കാർക്ക് നൽകി വരുന്ന വായ്പ നബാർഡിന്റെയാണോ അതോ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക ഫണ്ടിൽ നിന്നാണോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നബാർഡിൽ നിന്നുമാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : നബാർഡ് കൊടുക്കുന്ന വായ്പാ പദ്ധതികൾ കൃഷിക്കാർക്ക് വളരെ പരിമിതമായിട്ടാണ് കൊടുക്കുന്നത്. ഈ രാജ്യത്തെ കാർഷികവിള വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തോതിൽ കൂടുതൽ വായ്പാ പദ്ധതികൾ നടപ്പാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : പരിമിതമാണെന്നുള്ളത് മനസ്സിലായതുകൊണ്ട് അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ഗ്രന്ഥശാലകൾക്ക് സൗജന്യനിരക്കിൽ നൽകിയിരുന്ന വൈദ്യുതി

* 216. [238] ശ്രീ. എ- സി. ജോസ് :
,, ബെന്നി ബഹനാൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, എം. എം. ഹസ്സൻ :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി നൽകിയിരുന്നത് നിർത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കുന്നതിനും ഏറ്റവും താഴ്ന്ന സ്ലാബിൽ ഗ്രന്ഥശാലകൾക്കു വൈദ്യുതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യുതി ലഭിച്ചിട്ടില്ലാത്ത ഗ്രന്ഥശാലകൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള ഇപ്പോഴത്തെ വൈഷമ്യം തരണം ചെയ്യുന്നതിനായി പ്രയോഗരീതി സമ്പ്രദായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള) :

(എ) സൗജന്യ നിരക്കിൽ വൈദ്യുതി നല്കിയിരുന്നില്ല. എന്നാൽ മിനിമം ചാർജ് 1972-80 കാലയളവിൽ 6 രൂപയിൽ നിന്നും 4 രൂപയായി കുറച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly